**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

*(Incorporated under the Indian Companies Act, 1956)*

**എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം**

ട്രാൻസ്മിഷൻ ഡിവിഷൻ

**തൊളിക്കോട്.ഒ.പി , പുനലൂർ**

ഫോൺ: 0475 2222650 എഫ്.സി.റ്റി 9446009313 പിൻ: 691333

E-mail: eetdpunalur@gmail.com, eetrdplr@bsnl.in


**നം.ഡിബി./ദർഘാസ്/2024-25/** **തീയതി:**

## ദർഘാസ് /ലേലപരസ്യം

അമ്പലപ്പുറം സബ്സ്റ്റേഷൻ പരിസരത്ത് നിർത്തിയിട്ടിരിക്കുന്ന ഉപയോഗക്ഷമമല്ലാത്ത മഹീന്ദ്രാ ജീപ്പ് ഇപ്പോൾ കാണുന്ന നിലയിൽ ദരഘാസ്/ ലേലം അടിസ്ഥാനത്തിൽ വിൽക്കുന്നതിന് ഉദ്ദേശിക്കുന്നു. താല്പര്യമുള്ളവരിൽ നിന്നും പ്രവൃത്തിയുടെ പേരും ദർഘാസ് നമ്പറും ആലേഖനം ചെയ്ത മുദ്ര വച്ച കവറുകളിൽ അടക്കം ചെയ്ത മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. പൂരിപ്പിച്ച ദർഘാസുകൾ സ്പീഡ് പോസ്റ്റ് / രജിസ്റ്റേർഡ് തപാൽ / കൊറിയർ സർവ്വീസ് മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| ദർഘാസ് നമ്പർ | | EE/TD-PLR/TN-01/2024-25 dtd: 24.05.2024 |
| ഇനം | | 1997 മോഡൽ മഹീന്ദ്ര ഡീസൽ ജീപ്പ് MM540D KL02 E 7792 |
| എണ്ണം | | 1 / One |
| ദർഘാസ് ഫോറം വില | | 100 + 18% GST (118/- രൂപ) |
| നിരതദ്രവ്യം | ലേലം | 3000/- രൂപ (മൂവായിരം രൂപ) |
| | ദർഘാസ് | EMD (3000) + ദർഘാസ് നൽകുന്ന വ്യക്തി ക്വോട്ട് ചെയ്യുന്ന തുകയുടെ 10% |
| വാഹനത്തിന്റെ മൂല്യവില | : | 30000/- രൂപ (മുപ്പതിനായിരം രൂപ) |
| ദർഘാസ് ഫോറം വിൽക്കുന്ന തീയതി | : | 25.05.2024 10.00 മണി മുതൽ 07.06.2024 05.00 മണി വരെ |
| ദർഘാസ് ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : | 15.06.2024 വൈകീട്ട് 4.00 മണി വരെ |
| പ്രമാണങ്ങൾ വിൽക്കുകയും ദരഘാസുകൾ സ്വീകരിക്കുകയും ചെയ്യുന്ന ഓഫീസ് | : | ട്രാൻസ്മിഷൻ ഡിവിഷൻ, പുനലൂർ |
| ലേലം നടത്തുന്ന തീയതിയും സമയവും സ്ഥലവും | : | 19.06.2024, 11.30 മണി<br>ട്രാൻസ്മിഷൻ ഡിവിഷൻ, പുനലൂർ |
| ദർഘാസ് ഫോറങ്ങൾ തുറക്കുന്ന തീയതിയും സമയവും സ്ഥലവും | : | 19.06.2024 ന് ലേല നടപടികൾ പൂർത്തീകരിച്ചതിനു ശേഷം |

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**ട്രാൻസ്മിഷൻ ഡിവിഷൻ**
**പുനലൂർ**

## വ്യവസ്ഥകൾ

1. ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾ അടങ്ങിയ ദർഘാസ് ഫോറം പുനലൂർ ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് ഹാജരായി വാങ്ങാവുന്നതാണ്. ഫോറത്തിന്റെ വിലയും വിൽപ്പന നികുതിയും ഉൾപ്പെടെയുള്ള തുക കൊട്ടാരക്കര ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിൽ അടക്കേണ്ടതാണ് (ഈ തുക തിരികെ ലഭിക്കുന്നതല്ല). ദർഘാസ് ഫോറം തപാലിൽ ലഭിക്കുന്നതല്ല.
2. മേൽപ്പറഞ്ഞ പ്രകാരം വാങ്ങിയ ദർഘാസ്, രേഖപ്പെടുത്തിയ ദർഘാസ് തുകയുടെ 10 ശതമാനവും നിരതദ്രവ്യവും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ, ട്രാൻസ്മിഷൻ സർക്കിൾ, കൊട്ടാരക്കര എന്ന പേരിൽ എടുത്തതും, എസ്.ബി.ഐ കൊട്ടാരക്കര ബ്രാഞ്ചിൽ മാറാവുന്നതുമായ ഡിഡി സഹിതം മുദ്രവെച്ച കവറിനുള്ളിൽ രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ, ട്രാൻസ്മിഷൻ ഡിവിഷൻ, പുനലൂർ എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
3. **ദർഘാസിനുള്ള നിരതദ്രവ്യം പ്രത്യേക കവറിൽ അടക്കം ചെയ്യേണ്ടതും ആ കവറിനു മുകളിൽ ദർഘാസ് / ലേലം നമ്പരും, നിരതദ്രവ്യം എന്നും എഴുതേണ്ടതാണ്. ദർഘാസും, നിരതദ്രവ്യവും വെവ്വേറെ കവറുകളിൽ നിക്ഷേപിച്ച് രണ്ടു കവറുകളും മറ്റൊരു കവറിൽ അടക്കം ചെയ്ത് മുദ്രവച്ച് നൽകേണ്ടതും കവറിനു മുകളിൽ ദർഘാസിന്റെ പേരും, നമ്പരും, ദർഘാസ് സമർപ്പിക്കുന്ന ആളിന്റെ പൂർണ്ണമായ മേൽവിലാസവും രേഖപ്പെടുത്തേണ്ടതാണ്.**
4. ലേലത്തിനു ശേഷം ദർഘാസുകൾ തുറക്കുന്നതാണ്. മതിയായ നിരതദ്രവ്യം ഉണ്ടെന്ന് ഉറപ്പാക്കിയ ശേഷം മാത്രമെ ദർഘാസ് അടക്കം ചെയ്ത കവർ തുറക്കുകയുള്ളു.
5. **ഇൻകംടാക്സ് വകുപ്പിൽ നിന്നും ലഭിക്കുന്ന പാൻ കാർഡ് ഉള്ളവരെ മാത്രമെ ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു. അതിന്റെ ശരിപകർപ്പ് ദർഘാസിനോടൊപ്പം നൽകേണ്ടതാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ വരുന്നവരും ടോക്കൺ വാങ്ങുമ്പോൾ പാൻ കാർഡിന്റെ ശരിപ്പകർപ്പ് നൽകേണ്ടതാണ്.**
6. **ലേലം സ്ഥിരപ്പെടുത്തുന്നതുവരെ കിട്ടിയിരിക്കുന്ന ദർഘാസുകളെ സംബന്ധിച്ച വിവരങ്ങളൊന്നും വെളിപ്പെടുത്തുന്നതല്ല. ലേലം സ്ഥിരപ്പെടുത്തിയാലുടൻ ദർഘാസ് സമർപ്പിച്ചവരുടെയോ ചുമതലപ്പെട്ടവരുടെയോ മുന്നിൽവെച്ച് ദർഘാസുകൾ തുറക്കുന്നതായിരിക്കും. ലേലത്തിനും ദർഘാസിനും ഒരേ തുക തന്നെ വന്നാൽ ദർഘാസിന് മുൻഗണന ലഭിക്കുന്നതായിരിക്കും.**
7. **ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആവശ്യമായ നിരതദ്രവ്യം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കൊട്ടാരക്കര എന്ന പേരിൽ മാറാവുന്ന ഡി.ഡി ആയി ലേലത്തിന് മുൻപ് സമർപ്പിച്ച് ടോക്കൺ വാങ്ങേണ്ടതാണ്. ദർഘാസ് സമർപ്പിച്ചിട്ടുള്ളവർക്ക് ദർഘാസിനോടൊപ്പം നൽകിയിട്ടുള്ള ഡി.ഡി യുടെ ഫോട്ടോ കോപ്പി ഹാജരാക്കിക്കൊണ്ട് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടോക്കൺൺ ഉള്ളവരെ മാത്രമേ ലേലപരിസരത്ത് പ്രവേശിക്കുവാനും ലേലത്തിൽ പങ്കെടുക്കുവാനും അനുവദിക്കുകയുള്ളു.**
8. കാരണമൊന്നും കാണിക്കാതെ ലേലം / ദർഘാസ് അംഗീകരിക്കുവാനോ നിരസിക്കുവാനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ് ഈ നിബന്ധനകൾക്ക് അനുസൃതമല്ലാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
9. ദർഘാസിലോ, ലേലത്തിലോ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്യുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതായിരിക്കും. (ബോർഡ് നിശ്ചയിച്ച തുകയ്ക്ക് തുല്യമോ അതിൽ കൂടുതലോ ആണെങ്കിൽ മാത്രം).
10. ലേലത്തിലാണ് ഉയർന്ന തുകയെങ്കിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല തുകയുടെ പകുതി തുക ലേല തീയതിയിൽ തന്നെ 5 മണിക്ക് മുൻപായി അടയ്ക്കേണ്ടതാണ്. ബാക്കി പകുതി തുക നിലവിലുള്ള നികുതികൾ സഹിതം ഒരാഴ്ച്ചക്കുള്ളിൽ അടയ്ക്കണം. ദർഘാസിലാണ് ഉയർന്ന തുകയെങ്കിൽ വാഗ്ദാനം ചെയ്ത തുകയുടെ ബാക്കി തുക നികുതികൾ സഹിതം ഒരാഴ്ച്ചക്കുള്ളിൽ അടയ്ക്കേണ്ടതാണ്.

11. ലേലം/ദർഘാസിൽ പങ്കെടുക്കുന്ന ഒന്നും രണ്ടും സ്ഥാനക്കാർ ഒഴിച്ചുള്ളവരുടെ നിരതദ്രവ്യം ലേലം /ദർഘാസ് സ്ഥിരപ്പെടുത്തിയാലുടൻ യഥാവിധി തിരികെ വാങ്ങാവുന്നതാണ്.

12. ലേല വസ്തുക്കൾ ഇപ്പോൾ ഉള്ള അവസ്ഥയിൽ കൈമാറ്റം ചെയ്യുന്നതാണ്.

13. അപൂർണ്ണവും ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധവും ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

14. ദർഘാസ് / ലേലം അടിസ്ഥാനത്തിലുള്ള ഈ വില്പനയ്ക്ക് സ്ക്രാപ്പ് ഡിസ്പോസൽ കമ്മിറ്റി, ട്രാൻസ്മിഷൻ സർക്കിൾ, കൊട്ടാരക്കര അംഗീകാരം ലഭിച്ചതിനുശേഷം മാത്രമെ ദർഘാസ്/ലേലം സ്ഥിരപ്പെടുത്തുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ സ്ക്രാപ്പ് ഡിസ്പോസൽ കമ്മിറ്റി ദർഘാസ്/ലേലം അംഗീകരിക്കാത്തപക്ഷം നിരതദ്രവ്യവും അടച്ചതുകയും തിരികെ നൽകുന്നതാണ്. തന്മൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കൊന്നും തന്നെ വൈദ്യുതിബോർഡോ, ബന്ധപ്പെട്ടവരോ ഉത്തരവാദി ആയിരിക്കുകയില്ല. ദർഘാസ്/ലേലം നിരസിച്ചതിന്റെ കാരണം ബോധ്യപ്പെടുത്തുവാനും വൈദ്യുതിബോർഡ് ബാധ്യസ്ഥരായിരിക്കില്ല.

15. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ 7 ദിവസങ്ങൾക്കകം നിശ്ചിത തുക അടച്ചില്ലെങ്കിൽ നിരതദ്രവ്യവും അടച്ച തുകയും യാതൊരു അറിയിപ്പുകളും കൂടാതെ ബോർഡിലേയ്ക്ക് കണ്ടുകെട്ടുന്നതും സ്ക്രാപ്പ് കമ്മിറ്റിയുടെ നിർദ്ദേശത്തിന് അനുസൃതമായി പുന:ദർഘാസ് / ലേലം നടത്തുമ്പോൾ ബോർഡിന് നഷ്ടം സംഭവിക്കുകയാണെങ്കിൽ ആ തുക റവന്യൂ റിക്കവറി നടപടികൾ പ്രകാരം ഈടാക്കുന്നതാണ്. പുന:ദർഘാസ് / ലേലത്തിൽ ബോർഡിന് കൂടുതൽ തുക കിട്ടുകയാണെങ്കിൽ ആ തുകയ്ക്ക് ദർഘാസ്/ലേലം സ്ഥിരപ്പെടുത്തികിട്ടുന്ന ആൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുകയില്ല.

16. ലേലം നടപടികൾ പുനലൂർ ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് പരിസരത്ത് **19.06.2024** രാവിലെ 11.30 മണിക്ക് തുടങ്ങുന്നതാണ്.

17. ലേലം ഉറപ്പിച്ച സാധനങ്ങൾ നിശ്ചിത ദിവസത്തിനുള്ളിൽ നീക്കം ചെയ്യാത്തപക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

18. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ ഡിവിഷൻ, പുനലൂർ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാണ്.

19. ഇതിൽ പ്രത്യേകം സൂചിപ്പിക്കാത്തതും എന്നാൽ ഇതുപോലെയുള്ള കാര്യങ്ങൾക്ക് ബോർഡിൽ നിലവിലുള്ളതുമായ വ്യവസ്ഥകൾ ഈ ദർഘാസ് /ലേലത്തിനും ബാധകമായിരിക്കും.

20. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതായിരിക്കും.

21. ലേലം/ദർഘാസ് നിബന്ധനകൾക്ക് മാറ്റം വരുത്തുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ ഡിവിഷൻ, പുനലൂരിനു അധികാരമുണ്ട്.

22. ലേലത്തിൽ പങ്കുകൊള്ളുന്നവർ ലേല നിയമങ്ങൾ കർശനമായി പാലിക്കുവാനും തികഞ്ഞ അച്ചടക്കത്തോടുകൂടി പെരുമാറുവാനും ബാധ്യസ്ഥരാണ്.

23. ദർഘാസ്/ലേല വില്പനകൾക്ക് ഇലക്ട്രിസിറ്റി ബോർഡിൽ നിലവിലുള്ള എല്ലാ നിയമങ്ങളും ഈ വില്പനയ്ക്കും ബാധകമാണ്.

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**ട്രാൻസ്മിഷൻ ഡിവിഷൻ**
**പുനലൂർ**